(സി) ഇതു സംബന്ധിച്ച് ഇറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഫീസ്/ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ ഫലമായി എത്ര തുകയുടെ അധിക വിഭവ സമാഹരണം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാരിന്റെ പൊതുക്കടവും ക്ഷേമനിധികൾ വഴിയുള്ള പെൻഷനുകൾക്ക് നൽകാനുള്ള കുടിശ്ശികയും

36 [211] ശ്രീ. എ. എ. അസീസ്:

,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര കോടി രൂപയുടെ പൊതുക്കടം ഉണ്ടായിരുന്നു;

(ബി) സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ പൊതുക്കടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-4-2001-ൽ 23,919 കോടി രൂപയുടെ പൊതുക്കടം ആണ് ഉണ്ടായിരുന്നത്.

(ബി) 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളൂ. ടി കണക്ക് പ്രകാരം സംസ്ഥാന സർക്കാരിന്റെ ഇപ്പോഴത്തെ പൊതുക്കടം 40,191.37 കോടി രൂപയാണ്.

സംസ്ഥാന സർക്കാരും റവന്യൂ വരുമാനവും

37 [212] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2000-01-ൽ കേരളത്തിന്റെ പൊതുക്കടം എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) 2004-05 ഡിസംബർ 31-ന് കേരളത്തിന്റെ പൊതുക്കടം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2001-02 മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരളത്തിന്റെ റവന്യൂ കമ്മി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ പുറപ്പെടുവിച്ച ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും റവന്യൂ ചെലവ് കുറയ്ക്കുന്നതിനും എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്നും അതിന്റെ ഫലം എന്താണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-4-2001-ലെ കേരളത്തിന്റെ പൊതുക്കടം 23,919 കോടി രൂപ ആയിരുന്നു.

(ബി) 30-11-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ എ.ജി. ക്രോഡീകരിച്ചിട്ടുള്ളൂ. ടി താൽക്കാലിക കണക്കുകൾ പ്രകാരം 30-11-2004 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുക്കടം 40,191.37 കോടി രൂപയാണ്.

(സി) 2001-02 മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരളത്തിന്റെ റവന്യൂ കമ്മി താഴെ കാണും വിധം ആണ്:

(രൂപ കോടിയിൽ)

വർഷം	റവന്യൂ കമ്മി
2001-02	2606
2002-03	4122
2003-04	3680
2004-05	4707

(ബഡ്ജറ്റ് എസ്റ്റിമേറ്റ്)

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും റവന്യൂ ചെലവുകൾ പരമാവധി കുറയ്ക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ഇതിനകം തന്നെ പല ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ കമ്മി നിജപ്പെടുത്തുവാൻ വേണ്ടി 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റും, സംസ്ഥാനത്തിന്റെ സാമ്പത്തിക അച്ചടക്കം മെച്ചപ്പെടുത്തുന്നതിനു വേണ്ടി 2003-ലെ കേരള ഗവൺമെന്റ് ഗ്യാരന്റികളുടെ പരമാവധി പരിധി ആക്റ്റും നടപ്പിലാക്കിയിട്ടുണ്ട്. ഈ നടപടികൾ വഴി റവന്യൂ കമ്മി നിയന്ത്രിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

38 [213] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് എത്ര കേസുകളാണ് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിഭാഗം കണ്ടു പിടിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 108 കേസുകൾ

(ബി ആന്റ് സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 24-2-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 113/03/ധന. പ്രകാരം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന്റെ ഭാഗമായി ധനകാര്യ പരിശോധന വിഭാഗം

LIBRARY ARCHIVES Kerala Legislative Assembly